*No. 004/2010/CL Dated: 22.11.2010* *Latin Archdiocese of Trivandrum, Vellayambalam*

# ആഗമനകാലം - 2010

ദൈവജനത്തിന് സ്തുതി!

ദൈവജനത്തിനു സമാധാനം!

ആഗമനകാലം ആദ്യ ഞായറാഴ്ച്ചയായ ഇന്ന് ക്രിസ്മസിനു വേണ്ടിയുള്ള ഒരുക്കങ്ങൾ നാം ആരംഭിക്കുകയാണ്. ജീവന്റെ ഉറവിടവും നിറകുടവുമായ ദൈവം മാംസംധരിച്ച് നമ്മുടെ ഇടയിൽ വന്നു വസിക്കാൻ തുടങ്ങിയതിന്റെ ഓർമ്മയാണ് ഓരോ ക്രിസ്മസിലും നാം അനുസ്മരിക്കുന്നത് (cfr. യോഹ. 1, 4-14). ഓരോ കുഞ്ഞിന്റെ ജനനവും നമ്മിലുണർത്തുന്നത് ജീവന്റെ ഉത്ഭവത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചുമുള്ള ചിന്തകളാണല്ലോ. മനുഷ്യജീവന്റെ പരിശുദ്ധിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ഇന്നത്തെ സമൂഹത്തിൽ ജീവനുനേരെ ഉയർന്നുകൊണ്ടിരിക്കുന്ന ഭീഷണികളെക്കുറിച്ചും അല്പനേരം ഒന്നിച്ചു ചിന്തിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

**മനുഷ്യജീവനെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണത്തിലെ അടിസ്ഥാന വസ്തുതകൾ:**

- മനുഷ്യജീവൻ ദൈവത്തിന്റെ ദാനമാണ്. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ നിന്നാണ് ജീവൻ ഉത്ഭവിക്കുന്നത്. സ്നേഹം പങ്കുവയ്ക്കുന്ന ദമ്പതികൾ ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് ജീവൻ നൽകുന്നവരാണ്. അവരിൽ നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ അന്തസത്തയായ സ്നേഹമാണ് ജീവന്റെ ഉറവിടം. സ്നേഹത്തിൽ നിന്നുത്ഭവിക്കുന്ന മനുഷ്യജീവൻ സ്നേഹാന്തരീക്ഷത്തിൽ പരിപോഷിപ്പിക്കപ്പെടുകയും സ്നേഹം തന്നെയായ ദൈവത്തിൽ വിലയം പ്രാപിക്കുകയും ചെയ്യാനുള്ളതാണ്. മനുഷ്യജീവൻ ദൈവത്തിന്റെ ദാനമായുള്ളതുകൊണ്ടാണ് മനുഷ്യർ സ്വന്തം ജീവന്റെയോ മറ്റുള്ളവരുടെ ജീവന്റെയോ ഉടമകളല്ല, കാര്യസ്ഥന്മാർ മാത്രമാണെന്നു പറയുന്നത്. മക്കളുണ്ടാവുക എന്നതുപോലും ദമ്പതികളുടെ അവകാശമല്ല; ദൈവം കനിഞ്ഞു നൽകുന്ന ദാനം മാത്രമാണ്.

- മറ്റു സൃഷ്ടികളിൽ നിന്നു വിഭിന്നമായ മനുഷ്യജീവന് ഏറെ പ്രത്യേകതകളുണ്ട്. മനുഷ്യനെ മാത്രം ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു (ഉല്പ. 1, 26-27). "ഉണ്ടാകട്ടെ" എന്നു പറഞ്ഞുകൊണ്ട് ദൈവം മറ്റെല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചപ്പോൾ തന്റെ തന്നെ ജീവശ്വാസം മനുഷ്യന്റെ നാസാരന്ധ്രങ്ങളിൽ നിശ്വസിച്ചുകൊണ്ടാണ് ദൈവം അവനു ജീവൻ നൽകുന്നത് (cfr. ഉല്പ. 2, 7). അതുകൊണ്ട് മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടെയും ജീവന്റെ അന്തഃസത്ത ഒന്നല്ല. ദൈവത്തിൽ നിന്ന് മനുഷ്യനു ലഭിക്കുന്ന അനന്യവും അതിവിശിഷ്ടവുമായ ഒരു നിധിയാണ് മനുഷ്യജീവൻ.

- ദൈവത്തിന്റെ നിശ്വാസത്തിലൂടെ മനുഷ്യനുലഭിച്ച ഈ ദൈവിക ജീവൻ ആലംഘനീയമാണ്. അതായത് മനുഷ്യജീവൻ ഒരു വിധത്തിലും നശിപ്പിക്കപ്പെടാനുള്ളതല്ല. "കൊല്ലരുത്" എന്ന

അഞ്ചാം പ്രമാണം ജീവന്റെ ഈ അലംഘനീയതയിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ്. ഉരുവാക്കപ്പെടുന്ന ആദ്യനിമിഷം മുതൽ മരണംവരെ ഏതവസ്ഥയിലും മനുഷ്യജീവനെ സംരക്ഷിക്കേണ്ട ചുമതല എല്ലാവർക്കുമുണ്ട്. ദൈവം തന്നെ മനുഷ്യനിൽ നിക്ഷേപിച്ച ജീവശ്വാസമാകുന്ന മനുഷ്യജീവൻ മറ്റു ജീവജാലങ്ങളെപ്പോലെ പിന്നീടൊരിക്കലും ഇല്ലാതാകുന്നില്ല. ശാരീരിക മരണത്തോടുകൂടി മനുഷ്യജീവന് ഒരു മാറ്റം വരുന്നുവെന്നേയുള്ളൂ.

- ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ ദൈവത്തിൽ നിന്നും മനുഷ്യനു ലഭിച്ച ജീവനും അതിന്റേതായ പവിത്രതയും അന്തസ്സുമുണ്ട്. മനുഷ്യ ജീവന്റെ ഗുണമേന്മയല്ല, അതിന് ദൈവത്തിന്റെ മുമ്പിലുള്ള മൂല്യവും പരിശുദ്ധിയുമാണ് പ്രധാനം. അതുകൊണ്ട് ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ളവരുടെ ജീവിതത്തിന് ഗുണമേന്മ കുറവാണെങ്കിലും അവരുടെ ജീവന്റെ പവിത്രതയ്ക്കും അന്തസ്സിനും ഒരു കുറവും വരുന്നില്ല. ഏത് അവസ്ഥയിലുള്ള മനുഷ്യജീവനെയും ആദരവോടുകൂടി വേണം നാം വീക്ഷിക്കുവാൻ.

- മനുഷ്യജീവന്റെ ഈ മൂല്യവും അന്തസ്സും ഏതെങ്കിലും വ്യക്തികളോ സമൂഹമോ ഭരണഘടനയോ സാമ്പത്തിക വ്യവസ്ഥിതികളോ കല്പിച്ചു നൽകുന്ന ഒന്നല്ല. ദൈവത്തിൽ നിന്നായതുകൊണ്ട് മനുഷ്യജീവന്റെ മൂല്യം അതിൽത്തന്നെയുള്ളതാണ്. അതുകൊണ്ട് ദൈവത്തിനല്ലാതെ മറ്റേതൊരു വ്യക്തിക്കോ വ്യവസ്ഥിതിക്കോ തോന്നിയതുപോലെ മനുഷ്യജീവൻ കൈകാര്യം ചെയ്യാനുള്ള അവകാശമില്ല. ജീവൻ ഉന്നതമായ ഒരു മൂല്യമായതുകൊണ്ട് സൽപേര്, പദവി, സ്വകാര്യ സമ്പത്ത് തുടങ്ങിയ താഴ്ന്ന മൂല്യങ്ങളെക്കാൾ എപ്പോഴും ജീവനെ വിലമതിക്കുവാനും സംരക്ഷിക്കുവാനും മനുഷ്യനു കഴിയണം. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവൻ അടിസ്ഥാന മൂല്യമാണെങ്കിലും അത് പരമമായ മൂല്യമല്ല. കാരണം സ്വന്തം ജീവൻ ത്യജിച്ചും സംരക്ഷിക്കേണ്ട ജീവനെക്കാളും ഉയർന്ന മൂല്യങ്ങളുണ്ട്. ഉദാഹരണത്തിന് ദൈവമഹത്വം, ക്രിസ്തീയ വിശ്വാസം, സനാതന മൂല്യങ്ങൾ തുടങ്ങി ജീവിതത്തെക്കാളും വലിയ മൂല്യങ്ങൾ സംരക്ഷിക്കുവാൻ ജീവൻ ബലികഴിക്കാവുന്നതാണ്. ഈ സമർപ്പണത്തെ സഭ രക്തസാക്ഷിത്വമായി കരുതുകയും ആദരിക്കുകയും ചെയ്യുന്നു. ജീവൻ പരമമായ മൂല്യമല്ലാത്തതുകൊണ്ട് ഏതു മാർഗ്ഗമുപയോഗിച്ചും ജീവൻ സംരക്ഷിക്കുവാനും കഴിയുന്നത്ര അതു നീട്ടിക്കിട്ടുവാനും ശ്രമിക്കണമെന്നില്ല.

**ജീവനെതിരായുള്ള ഭീക്ഷണികൾ**

ഇത്രയേറെ അമൂല്യവും അനന്യവും അലംഘനീയവും പരിശുദ്ധവും പകരം വയ്ക്കാനാവാത്തതും നിത്യം നിലനിൽക്കുന്നതും, ഈശ്വരാംശവുമായ ജീവനെതിരെ വളരെയേറെ ഗുരുതരവും പൈശാചികവുമായ ഭീഷണികളാണ് ആധുനിക സംസ്ക്കാരം ഉയർത്തിക്കൊണ്ടിരിക്കുന്നത്.

- ജീവനെതിരായ ഏറ്റവും വലിയ ഭീഷണികളിലൊന്ന് ഗർഭച്ഛിദ്രമാണ്. ഈ അടുത്തകാലംവരെ ഭ്രൂണഹത്യ അങ്ങേയറ്റം അധാർമ്മികമായ ഒരു ക്രൂരകൃത്യമായിട്ടാണ് കരുതിയിരുന്നത്. ബ്രിട്ടനിൽ ഈ ക്രൂരകൃത്യത്തിന് നിഷ്ക്കർഷിച്ചിരുന്നത് വധശിക്ഷയായിരുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിലും പത്തുവർഷം മുതൽ ജീവപര്യന്തം വരെ ശിക്ഷകിട്ടാനുള്ള വകുപ്പുകളുണ്ടായിരുന്നു. എന്നാൽ 1971-ൽ ഭ്രൂണഹത്യ ഇന്ത്യയിൽ നിയമവിധേയമാക്കിയതോടെ ഏകദേശം മുപ്പത്തയ്യായിരത്തിലധികം കുഞ്ഞുങ്ങളാണ് ഓരോവർഷവും അമ്മമാരുടെ ഉദരത്തിൽ വച്ചുതന്നെ പൈശാചികമായി കൊലചെയ്യപ്പെടുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗർഭച്ഛിദ്രത്തിലൂടെ പ്രതിവർഷം വധിക്കപ്പെടുന്ന നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ എണ്ണം അഞ്ചുലക്ഷത്തിലധികമാണ്. കേരളത്തിൽ ദിനംപ്രതി ആയിരത്തോളം കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നു. ഇപ്പോൾ നിയമപരിഷ്ക്കരണത്തിന്റെ പേരിൽ നിർദ്ദേശിച്ചിരിക്കുന്നത്

രണ്ടിലധികം കുഞ്ഞുങ്ങളുള്ള മാതാപിതാക്കൾക്കും കുഞ്ഞുങ്ങളെ ദൈവദാനമായി കരുതി സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നവർക്കുമെതിരായ ശിക്ഷാനടപടികളാണ്. പഞ്ചായത്തുകൾ തോറും ഗർഭച്ഛിദ്രമെന്ന ക്രൂരകൃത്യത്തിന് വേണ്ട സൗകര്യങ്ങളൊരുക്കി കൊടുക്കണമെന്നതാണ് മറ്റൊരു വികലമായ നിർദ്ദേശം.

- ജീവനുനേരെ ആധുനികലോകമുയർത്തുന്ന മറ്റൊരു ഭീഷണിയാണ് ദയാവധം. ഏതെങ്കിലും കാരണത്താൽ മരിക്കണമെന്ന് ആവശ്യപ്പെടുന്ന രോഗികളെയും, ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുകയും ബന്ധുജനങ്ങൾ സമ്മതിക്കുകയും ചെയ്യുകയാണെങ്കിൽ കുട്ടികൾ, മാനസിക രോഗികൾ അബോധാവസ്ഥയിലുള്ളവർ എന്നിവരെയും വിഷം കുത്തിവച്ചോ ഭക്ഷണവും പരിചരണവും നിഷേധിച്ചോ കൊല്ലുന്നതാണ് ദയാവധം. ആദ്യമായി ദയാവധം നടപ്പിലാക്കിയ നെതർലാന്റിൽ പ്രതിവർഷം ഇരുപതിനായിരം പേരാണ് ഇന്ന് ദയാവധത്തിലൂടെ മരണമടയുന്നത്. കേരള നിയമപരിഷ്ക്കരണ ബില്ലിലും ദയാവധം നിയമവിധേയമാക്കാനാണ് ഇപ്പോൾ ശുപാർശ ചെയ്തിരിക്കുന്നത്.

- ആത്മഹത്യയാണ് ജിവനെതിരായ മറ്റൊരു ഭീഷണി. നിസ്സാര കാര്യങ്ങൾക്ക് കുഞ്ഞുങ്ങൾ പോലും ആത്മഹത്യയ്ക്ക് തുനിയുന്നത് മരണസംസ്ക്കാരം നമ്മുടെ സമൂഹത്തെ എത്രമാത്രം ഗ്രസിച്ചിരിക്കുന്നുവെന്നതിന് തെളിവാണ്. കുടുംബാംഗങ്ങളെല്ലാം ഒന്നിച്ച് ജീവനെടുക്കുന്നത് ആത്മഹത്യാ നിരക്കിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിന്റെ മാത്രം ഒരു പ്രത്യേകതയാണെന്നു തോന്നുന്നു. ഇന്ന് ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ച് ആത്മഹത്യ അങ്ങേയറ്റം ഗൗരവമായ ശിക്ഷയർഹിക്കുന്ന ഒരു കുറ്റമാണ്. എന്നാൽ ആത്മഹത്യയെയും ആത്മഹത്യാശ്രമങ്ങളെയും കുറ്റകരമല്ലാതാക്കാനുള്ള നിർദ്ദേശങ്ങളാണ് കേരള നിയമപരിഷ്ക്കരണ സമിതി മുന്നോട്ടുവച്ചിരിക്കുന്നത്. കുറ്റവാളികളെ സഹായിക്കുകയും അവരിൽ ഒരു മനഃപരിവർത്തനം വരുത്തുകയും ചെയ്യണം. ശിക്ഷാനടപടികൾ കൊണ്ട് ഉദ്ദേശിക്കുന്നതും ഇതുതന്നെയാണ്. എന്നാൽ അവരെ കുറ്റവിമുക്തരാക്കുകയും ആത്മഹത്യയെ നിസ്സാരമായി കരുതുകയും ചെയ്യുന്നത് സമൂഹത്തിൽ ആത്മഹത്യയുടെ നിരക്ക് വർദ്ധിക്കുവാൻ കാരണമായിത്തീരും.

- ഇപ്പോൾ കേന്ദ്രസർക്കാർ ശുപാർശ ചെയ്തിരിക്കുന്ന കൃത്രിമ ജീവോദ്പാദന ബിൽ ഗർഭസ്ഥശിശുവിന്റെ മേൽ പരീക്ഷണം നടത്തുന്നതിനും, വേണ്ടിവന്നാൽ അതിനെ നശിപ്പിക്കുന്നതിനും, മികവുള്ള കുട്ടികളെ ഉല്പാദിപ്പിക്കുന്നതിനും വ്യക്തികൾക്ക് കുട്ടികളെ ക്ലീനിക്കുകളിൽ നിന്നും വിലയ്ക്കെടുക്കുന്നതിനും അനുവദിക്കുന്നതാണ്. മനുഷ്യ ജീവനെ വില്പനച്ചരക്കാക്കുന്ന ഇത്തരം നിയമങ്ങൾ സമൂഹത്തിന്റെ അടിസ്ഥാനമായ വിവാഹത്തിന്റെയും കുടുംബത്തിന്റെയും അടിത്തറ തോണ്ടുന്നതാണ്.

- ജീവനെതിരെ ഈ അടുത്ത കാലത്തു ഉയർന്നുവന്ന ചില ഭീഷണികളാണ് എടുത്തുകാട്ടുവാൻ ശ്രമിച്ചത്. ഇവ കൂടാതെ ജീവനെതിരായ പരമ്പരാഗത ഭീഷണികളും ഇന്ന് ഒന്നിനൊന്നു രൂക്ഷമാവുകയാണ്. പട്ടിണി, ദാരിദ്ര്യം, സാംക്രമിക രോഗങ്ങൾ, അക്രമം, യുദ്ധം, കൊലപാതകം, മദ്യം, മയക്കുമരുന്ന്, പുകവലി, പരിസരമലിനീകരണം, മായംചേർക്കൽ തുടങ്ങിയവയെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ജീവനെതിരായി ഉയർന്നു നിൽക്കുന്ന ചെറുതോ വലുതോ ആയ ഭീഷണികളാണ്.

**ജനന നിയന്ത്രണം.**

ഇന്നു നമ്മുടെ കുടുംബങ്ങളിലെല്ലാം പരക്കെ വ്യാപിച്ചു കൊണ്ടിരിക്കുന്ന ജനന നിയന്ത്രണത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ സൂചിപ്പിക്കാതെ ജീവനെക്കുറിച്ചുള്ള ഈ വിചിന്തനം പൂർണ്ണമാകുമെന്ന് തോന്നുന്നില്ല.

ദൈവം ദമ്പതികൾക്ക് നൽകുന്ന വലിയ അനുഗ്രഹമാണ് സന്താനപുഷ്ടി. ആദ്യ ദമ്പതികളെ ദൈവം ഇപ്രകാരം അനുഗ്രഹിച്ചു: "സന്താന പുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉല്പ. 1, 28). എന്നാൽ ഈ അനുഗ്രഹത്തെ ഭയത്തോടും ആശങ്കയോടും കൂടി വീക്ഷിക്കുകയും ചിലപ്പോഴൊക്കെ അതിനെ ഒരു ശാപമായി കരുതുകയും ചെയ്യുന്ന ഒരു പ്രവണതയാണ് ഇന്ന് പരക്കെ കണ്ടുവരുന്നത്. ജനസംഖ്യ നിയന്ത്രിച്ചില്ലെങ്കിൽ ലോകം കടുത്ത ദാരിദ്ര്യം, രോഗം, ഭക്ഷ്യക്ഷാമം, തൊഴിലില്ലായ്മ, നിരക്ഷരത, പാർപ്പിടമില്ലായ്മ, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയ നിരവധി അവശതകൾക്ക് വിധേയമാകുമെന്ന് ആധുനിക മനുഷ്യൻ ഭയപ്പെടുന്നു.

ഇതിന്റെ പശ്ചാത്തലമിതാണ്. മനുഷ്യൻ ഭൂമുഖത്തുണ്ടായിട്ട് ഇരുപതു ലക്ഷം കൊല്ലങ്ങളായി എന്നാണ് ശാസ്ത്ര നിഗമനം. പന്തീരായിരം കൊല്ലങ്ങൾക്കു മുമ്പ് കൃഷി ആരംഭിച്ചപ്പോൾ ലോകത്തിൽ ആകെമൊത്തം വെറും അൻപതു ലക്ഷം ആളുകൾ മാത്രമുണ്ടായിരുന്നുവെന്നാണ് പറയപ്പെടുന്നത്. 1770-ൽ ലോകജനസംഖ്യ 100 കോടി കവിഞ്ഞു. വളരെ സാവകാശം 50 ലക്ഷത്തിൽ നിന്നും പതിനായിരക്കണക്കിന് കൊല്ലങ്ങൾ കൊണ്ട് 100 കോടിയായി വർദ്ധിച്ച ലോക ജനസംഖ്യ അതിന്റെ ഇരട്ടിയാകുവാൻ വെറും 130 കൊല്ലങ്ങൾ മാത്രമേ വേണ്ടിവന്നുള്ളൂ. ഇങ്ങനെ 1990-ൽ ജനസംഖ്യ 200 കോടിയായി. വീണ്ടും നൂറു കൊല്ലങ്ങൾക്കകം 2000-ാമാണ്ട് ജനസംഖ്യ അതിന്റെയും മൂന്നിരട്ടിയായ 600 കോടിയായി. ഇങ്ങനെപോയാൽ ഭക്ഷണ സാധനങ്ങളുടെയും ജീവിത സൗകര്യങ്ങളുടെയും ദൗർലഭ്യം മാത്രമല്ല ഭൂമിയിൽ മനുഷ്യന് നിന്നുതിരിയാൻ സ്ഥലമില്ലാതാകുമെന്ന് ചില വിദഗ്ധന്മാർ വാദിച്ചു. ലോകരാഷ്ട്രങ്ങൾ ഇതിനെ ഗൗരവമായെടുത്തു. പല രാജ്യങ്ങളും കൃത്രിമ മാർഗ്ഗങ്ങളിലൂടെ ജനന നിയന്ത്രണം പ്രോത്സാഹിപ്പിക്കുക മാത്രമല്ല ചൈനയെപ്പോലുള്ള രാജ്യങ്ങൾ ഒന്നിൽ കൂടുതൽ കുട്ടികളുണ്ടാകുന്നത് ശിക്ഷാർഹമായി പ്രഖ്യാപിക്കുകയും ചെയ്തു. ദൈവം മനുഷ്യനു അനുഗ്രഹമായി നൽകിയ സന്താനപുഷ്ടിയെ ഇങ്ങനെ ഭയപ്പെടുകയും അതിനെ ഒരു ശാപമായി കരുതുകയും ചെയ്യേണ്ടതുണ്ടോ? വിദഗ്ധന്മാരുടെ കണക്കുകൂട്ടലുകളും ജനസംഖ്യ നിയന്ത്രിക്കുന്നതിൽ ലോകരാഷ്ട്രങ്ങൾ കാണിച്ച അമിതാവേശവും അത്ര ശരിയായിരുന്നില്ല. യാഥാർത്ഥ്യം മറ്റൊന്നാണ്. ആദ്യമായി നാം ഓർമ്മിക്കേണ്ടതിതാണ്. ദൈവത്തിന്റെ കൈകൾ കുറുകിപ്പോയിട്ടൊന്നുമില്ല. വിസ്മയനീയമായ രീതിയിൽ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവത്തിന് വിസ്മയനീയമായ രീതിയിൽത്തന്നെ അതിനെ പരിപാലിക്കാനുമറിയാം. മനുഷ്യ ബുദ്ധികൊണ്ടുള്ള കണക്കുകൂട്ടലുകളെക്കാളേറെ ദൈവപരിപാലനയിൽ നാം വിശ്വസിക്കണം.

ഇനി മനുഷ്യ ബുദ്ധികൊണ്ടു തന്നെ നാം കണക്കുകൾ കൂട്ടുമ്പോൾ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്ന ചില വസ്തുതകളിവയാണ്. അമേരിക്കയിൽ നടത്തിയ ഒരു പഠനമനുസരിച്ച് വീടൊന്നിന് 1540 ചതുരശ്രഅടി വീതം കൊടുത്താൽത്തന്നെയും ലോകത്തിൽ ഇന്നുള്ള മുഴുവൻ ജനങ്ങളെയും അമേരിക്കയുടെ ഒരു മൂലയിൽ പാർപ്പിക്കാവുന്നതേയുള്ളൂ. അമേരിക്ക എന്ന ഒരു രാജ്യത്തിനു മാത്രം ലോകജനതയ്ക്ക് മുഴുവൻ ആവശ്യമായ ഗോതമ്പ് ഉല്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. പ്രതിവർഷം ഗർഭച്ഛിദ്രത്തിലൂടെ ഇന്ന് അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ കൊലചെയ്യപ്പെടുന്ന അഞ്ചുകോടിയോളം ശിശുക്കൾ ജനിച്ചിരുന്നുവെങ്കിൽത്തന്നെയും ലോകജനതയ്ക്ക് വേണ്ട ഭക്ഷണം ലഭ്യമാക്കുന്നതിന് പ്രതിവർഷം 1.4 ശതമാനം ഭക്ഷ്യോല്പാദന വർദ്ധന മതിയാവും. എന്നാൽ അതിന്റെ ഇരട്ടി (2.7 ശതമാനം) ഭക്ഷ്യോല്പാദന വർദ്ധന ഇപ്പോൾത്തന്നെയുണ്ട് എന്നതാണ് യാഥാർത്ഥ്യം.

പോൾ എർലിക് എന്ന ഒരു വിദഗ്ധൻ ജനസംഖ്യാ ബോംബ് എന്ന തന്റെ ഗ്രന്ഥത്തിൽ ഇന്ത്യയെപ്പറ്റി പറഞ്ഞത് 1980-കളിൽ ഇരുപതുകോടിയോളം ആളുകൾ വേണ്ടത്ര ഭക്ഷണ സാധനങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയാത്തതു കാരണം വിശപ്പുകൊണ്ട് മരിക്കുമെന്നാണ്. ഭക്ഷ്യോല്പാദനത്തിൽ ഇന്ത്യയ്ക്ക് ഒരിക്കലും സ്വയം പര്യാപ്തത കൈവരിക്കാനാവില്ലെന്നും അദ്ദേഹം പ്രവചിച്ചു. എന്നാൽ ഈ പ്രവചനങ്ങളെയെല്ലാം തെറ്റിച്ചുകൊണ്ട് 1951-ൽ 51 ദശലക്ഷം ടൺ ആയിരുന്നു ഇന്ത്യയുടെ ഭക്ഷ്യോല്പാദന ശേഷി. 2007-ൽ 235 ദശലക്ഷം ടൺ ആയി ഉയർന്നു. 60 ലക്ഷം ദശലക്ഷം ഭക്ഷണ സാധനങ്ങൾ ഇന്നും ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നു. ലോകത്തിൽ ഇന്നും പട്ടിണിയും ദാരിദ്ര്യവുമുണ്ടെങ്കിൽ അതിനു കാരണം വേണ്ടത്ര ഭക്ഷണസാധനങ്ങളുടെ അഭാവമല്ല, പിന്നെയോ മനുഷ്യന്റെ തന്നെ സ്വാർത്ഥതയും പിടിപ്പുകേടും മൂലം, ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷണ സാധനങ്ങൾ നേരായ രീതിയിൽ വിതരണം ചെയ്യാത്തതാണ്.

ലോകരാഷ്ട്രങ്ങളുടെ എടുത്തുചാടിയുള്ള ജനന നിയന്ത്രണം കാരണം ജനന നിരക്ക് കുറഞ്ഞു കുറഞ്ഞ് 2050 ആകുമ്പോഴേക്കും മരണ നിരക്കിനു താഴെപ്പോകുമെന്നാണ് ഇന്നത്തെ കണക്കുകൂട്ടൽ. ഒരു സംസ്ക്കാരത്തിന് നിലനിൽക്കാൻ സാധിക്കണമെങ്കിൽ രണ്ടിലധികം കുട്ടികൾ ജനിക്കണം. എന്നാൽ ഇന്നു പല രാജ്യങ്ങളിലും ഓരോ കുടുംബത്തിലും ശരാശരി ഒരു കുട്ടി മാത്രമാണുള്ളത്. ജനന നിരക്കും മരണ നിരക്കും ഒന്നിന്നൊന്നു കുറഞ്ഞുവരുന്ന ഒരു സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ഇതുകാരണം സമീപഭാവിയിൽ വൃദ്ധന്മാരുടെ സംഖ്യ കുട്ടികളുടെ എണ്ണത്തേക്കാൾ വർദ്ധിക്കാൻ ഇടയാകും. ഭവനങ്ങളിൽ വൃദ്ധരെ ശുശ്രൂഷിക്കാൻ ആരുമില്ലാതാവും. ഇത് മനുഷ്യരാശിയുടെ നിലനിൽപിനെത്തന്നെ ക്രമേണ അപകടകരമായി ബാധിക്കുമെന്നു മനസ്സിലാക്കിയ പല രാജ്യങ്ങളും ഇന്ന് ജനനനിരക്ക് പ്രോത്സാഹിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഒരു കുട്ടി എന്ന നയം ചൈന പോലും തിരുത്തുന്നു.

ഉത്തരവാദിത്വ പൂർണ്ണമായ മാതൃത്വത്തെയും പിതൃത്വത്തെയും കുറിച്ചാണ് സഭ പഠിപ്പിക്കുന്നത്. കുട്ടികളെ സംബന്ധിച്ചിടത്തോളം ആധുനിക സംസ്ക്കാരം ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് മാതാപിതാക്കന്മാരുടെ മേൽ ചുമത്തുന്നത്. ഈ സാഹചര്യത്തിൽ എത്ര കുട്ടികൾ വേണമെന്ന് ഉത്തരവാദിത്വ ബോധത്തോടെ തീരുമാനിക്കാനുള്ള ദമ്പതികളുടെ സ്വാതന്ത്ര്യത്തെ സഭ മാനിക്കുന്നു. എന്നാൽ സ്വാർത്ഥ താല്പര്യങ്ങളായിരിക്കരുത് ഇതിന് അവരെ പ്രേരിപ്പിക്കുന്നത്. ദൈവപരിപാലനയ്ക്ക് വിധേയരായി ജീവന്റെ മൂല്യം വിലമതിക്കുന്നവരും അത് പരിപോഷിപ്പിക്കുന്നവരുമായിരിക്കണം ദമ്പതികൾ. ഗൗരവമായ കാരണങ്ങളില്ലാതെ രണ്ടിലധികം കുട്ടികൾ വേണ്ടെന്ന് വയ്ക്കുന്നതും ജനന നിയന്ത്രണത്തിനായി അധാർമ്മികവും കൃത്രിമവുമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതും ദൈവതിരുമുമ്പിൽ വലിയ തെറ്റാണ്.

ദൈവത്തിന്റെ അമൂല്യദാനങ്ങളാകുന്ന കുഞ്ഞുങ്ങളെ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളല്ല, ഉത്തരവാദിത്വത്തോടുകൂടി ദൈവേഷ്ടത്തിനു വിധേയരായി ദൈവത്തിലാശ്രയിച്ചുകൊണ്ട് കുഞ്ഞുങ്ങളെ സ്വീകരിക്കാനുള്ള മാർഗ്ഗങ്ങളാണ് ദമ്പതികൾ ആരായേണ്ടത്. ജനന ക്രമീകരണത്തിനുള്ള ദമ്പതികളുടെ അവകാശം കുഞ്ഞുങ്ങളെ കുറയ്ക്കുന്ന ജനന നിയന്ത്രണമായി മാത്രം തെറ്റിദ്ധരിക്കാൻ ഇടയാകരുത്. ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്ന പരസ്യത്തിലെ കാപട്യം മനസ്സിലാക്കുവാൻ വിശ്വാസികളായ നമുക്കു കഴിയണം. എത്ര കുഞ്ഞുങ്ങൾ വേണമെന്ന് തീരുമാനമെടുക്കുമ്പോൾ ദമ്പതികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ സുനഹദോസ് നൽകുന്ന മാർഗ്ഗ നിർദ്ദേശമിതാണ്: "തങ്ങളുടെ തന്നെയും തങ്ങൾക്കു ജനിച്ചിട്ടുള്ളവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെയും നന്മയെ അവർ കണക്കിലെടുക്കണം. കൂടാതെ തങ്ങളുടെ കാലത്തിന്റെയും പരിതോവസ്ഥകളുടെയും ഭൗതികവും ആദ്ധ്യാത്മികവുമായ സാഹചര്യങ്ങളെയും അവർ ശ്രദ്ധാപൂർവ്വം

പരിഗണിക്കണം. അവസാനമായി കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തിരുസഭയുടെയും താല്പര്യങ്ങളെയും സംരക്ഷിക്കണം" (സഭ ആധുനികലോകത്തിൽ , 50).

ജീവനു നേരെ പുതിയ പുതിയ ഭീഷണികളുയർത്തിക്കൊണ്ട് വളർന്നു വരുന്ന മരണ സംസ്ക്കാരത്തിന് നാമൊരിക്കലും കൂട്ടുനിൽക്കരുത്. എല്ലാവർക്കും ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകുവാനും വേണ്ടിയാണ് യേശു ഈ ലോകത്തിലേയ്ക്ക് വന്നതെന്ന് നാമോർക്കണം (cfr. യോഹ. 10, 9). എന്തുവില കൊടുത്തും യേശുവിനോടൊപ്പം ജീവൻ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും വേണ്ട ശക്തമായ നിലപാടുകളെടുക്കുവാൻ നമുക്കു കഴിയണം. തിരുവചനങ്ങളിലൂടെ ദൈവം നമ്മോടു പറയുന്നതിതാണ്: "ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും മരണവും, തിന്മയും വച്ചിരിക്കുന്നു. ജീവനും മരണവും അനുഗ്രഹവും ശാപവും നിന്റെ മുമ്പിൽ വച്ചിരിക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക" (നിയമ. 30, 15-19).

ക്രിസ്മസിന് ഒരുക്കമായ ഈ ആഗമനകാലത്തിൽ ജീവനെക്കുറിച്ച് തിരുവചനങ്ങളും സഭാപഠനങ്ങളും നമുക്കു നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് നമുക്ക് ഒന്നുകൂടി ആഴമായി ചിന്തിക്കാം. ജീവന്റെ മൂല്യം മനസ്സിലാക്കുവാനുള്ള വെളിച്ചവും ജീവനെതിരായ ഭീഷണികളെ നേരിടുവാനുള്ള ശക്തിയും ജീവൻ പരിപോഷിപ്പിക്കുവാൻ വേണ്ട സന്മനസ്സും, വഴിയും സത്യവും ജീവനുമായി ഈ ഭൂവിലവതരിച്ച ഉണ്ണിയേശു നിങ്ങളോരോരുത്തർക്കും സമൃദ്ധമായി നൽകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

വെള്ളയമ്പലം
22.11.2010

+ സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലിത്ത

---

**N.B.:** ഈ ഇടയലേഖനം 2010 നവംബർ മാസം 28-ാം തിയതി ദിവ്യബലിമദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.